# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 462 | 29.01.2019 - ൽ മറുപടിക്ക് |

## ഇൻപുട്ട് നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഐ.സി.ബാലകൃഷ്ണൻ : | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ഇൻപുട്ട് നികുതി അവകാശപ്പെടുന്നതിനും നികുതിവിധേയമായി ചരക്ക് നീക്കം നടത്തുന്നതിനും ജി.എസ്.ടി. രജിസ്ട്രേഷൻ ആവശ്യമാണോ; വിശദമാക്കുമോ; | (എ) | ജി.എസ്.ടി നിയമപ്രകാരം, രജിസ്ട്രേഷനുള്ള വ്യാപാരികൾക്കു മാത്രമേ നികുതി പിരിക്കുവാനുള്ള അവകാശമുള്ളൂ. ഇത്തരം വ്യാപാരികൾക്ക് വകുപ്പ് 16 ൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾക്കു വിധേയമായി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുന്നതാണ്. ജി.എസ്.ടി യിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എന്നതുകൊണ്ട് വിവക്ഷിക്കുന്നത് രജിസ്റ്റർ ചെയ്ത ഒരു വ്യക്തി വാങ്ങിയ ചരക്കുകൾക്കോ സേവനങ്ങൾക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ചുമത്തപ്പെട്ട നികുതിയാണ്. രജിസ്ട്രേഷൻ ഉള്ള ഒരു വ്യക്തിക്കു മാത്രമേ തന്റെ പിന്നീടുള്ള സപ്ലൈയുടെ മുകളിൽ വരുന്ന നികുതി ബാധ്യതയ്ക്കെതിരെ ഈ ക്രെഡിറ്റ് ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. ജി.എസ്.ടി നിയമത്തിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രധാനപ്പെട്ട നിബന്ധനകളിൽ ഒന്നാണ് ചരക്കുസേവനങ്ങൾ കച്ചവടത്തിനുവേണ്ടി വാങ്ങിയ വ്യക്തിക്ക് രജിസ്ട്രേഷൻ ഉണ്ടായിരിക്കണം എന്നത്. |

| | | | |
|---|---|---|---|
| (ബി) | നാൽപത് ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള വ്യാപാരികളെ ജി.എസ്.ടി. രജിസ്ട്രേഷനിൽ നിന്നും ഒഴിവാക്കുമ്പോൾ മേല്പറഞ്ഞ ആനുകൂല്യം പ്രസ്തുത വ്യാപാരികൾക്ക് ലഭ്യമാകുമോ; വ്യക്തമാക്കുമോ? | (ബി) | ഇൻപുട്ട് നികുതിയുടെ ആനുകൂല്യം ആവശ്യമാണെങ്കിൽ ജി.എസ്.ടി. രജിസ്ട്രേഷൻ ആവശ്യമാണ്. |

**സെക്ഷൻ ഓഫീസർ**